**കേരള സർക്കാർ**

**സംഗ്രഹം**

ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി-അംഗത്വം നൽകുന്നതിനും കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ-ഭേദഗതികൾ-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി) വകുപ്പ്**

**സ.ഉ.(അച്ചടിച്ചത്) നം. 460/2015/ധന** **തീയതി, തിരുവനന്തപുരം, 13.10.2015**

പരാമർശം- 1. 21.04.2010 ലെ സ.ഉ (അച്ചടിച്ചത്) നം. 249/10/ധന

2. ഇൻഷുറൻസ് ഡയറക്ടറുടെ 18.12.2014 ലെ ഇൻഷ്വ/ഗ്രൂപ്പ്/ജി.ആർ3/14548/14 നമ്പർ കത്ത്.

3. 29.07.2015 ൽ കൂടിയ ധനകാര്യ (ജി.ഐ.എസ്) വകുപ്പിന്റെ അവലോകന യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ പുതുതായി അംഗത്വം നൽകുന്നതും കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതും സംബന്ധിച്ച ചട്ടങ്ങൾ/വ്യവസ്ഥകൾ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ നിലവിലുള്ള ചില വ്യവസ്ഥകൾ പദ്ധതിയിലെ വരിക്കാർക്ക് ബുദ്ധിമുട്ടും കാലതാമസവും ഉണ്ടാക്കുന്നു എന്ന കാരണത്താൽ പ്രസ്തുത ഇൻഷുറൻസ് സ്കീമിൽ ഭേദഗതികൾ വരുത്തുന്നതിന് ഇൻഷുറൻസ് ഡയറക്ടർ പരാമർശം (2) പ്രകാരം നിർദ്ദേശം സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം നൽകുന്നതും കാലഹരണപ്പെട്ട അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതും പുനർനിർണ്ണയിച്ച് പരാമർശം 1 ലെ ചട്ടങ്ങൾ/വ്യവസ്ഥകൾ താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. 2 വർഷം വരെ വരിസംഖ്യ മുടക്കം വരുത്തിയ 50 വയസ്സിൽ താഴെ പ്രായമുള്ള ജീവനക്കാരുടെ അംഗത്വം കുടിശ്ശിക വരിസംഖ്യ നിശ്ചിത പലിശ സഹിതം പരമാവധി മൂന്ന് തവണകളായി ഒടുക്കി പുനസ്ഥാപിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ജില്ലാ ഇൻഷുറൻസ് ഓഫീസർമാരിൽ നിക്ഷിപ്തമാക്കി ഉത്തരവാകുന്നു. രണ്ടു വർഷത്തിലധികം കാലം വരിസംഖ്യ മുടക്കം വന്ന ജീവനക്കാരുടേയും 50 വയസ്സ് പൂർത്തിയായ ജീവനക്കാരുടേയും അംഗത്വം പുനസ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്നുള്ള അനുമതി ആവശ്യമാണ്. എന്നാൽ, 50 വയസ്സ് പൂർത്തിയായ ജീവനക്കാർക്ക് മുൻപ് ഒരു തവണയെങ്കിലും ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വം പുനസ്ഥാപിച്ച് നൽകിയിട്ടുണ്ടെങ്കിൽ, 50 വയസ്സിനു ശേഷം അംഗത്വം വീണ്ടും പുനസ്ഥാപിച്ച് നൽകുന്നതല്ല.

II. നിലവിൽ സെപ്റ്റംബർ മാസത്തിൽ മാത്രം ഗ്രൂപ്പ് ഇൻഷുറൻസ് അംഗത്വം നൽകുന്നത് സംബന്ധിച്ച നിബന്ധന ഒഴിവാക്കി, സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ആദ്യ ശമ്പളത്തിൽ നിന്നു തന്നെ ഗ്രൂപ്പ് ഇൻഷുറൻസ് വരിസംഖ്യ കിഴിക്കൽ നടത്തി പൂർണ്ണ അംഗത്വം നൽകാൻ ഉത്തരവാകുന്നു. ആദ്യ മാസത്തെ ശമ്പള ബില്ലിൽ നിന്നും പദ്ധതിയിലേക്കുള്ള വരിസംഖ്യ പൂർണ്ണ നിരക്കിൽ കിഴിക്കൽ

നടത്തിയിട്ടുണ്ടെന്ന് ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറും ബന്ധപ്പെട്ട ട്രഷറി ഓഫീസറും ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ വീഴ്ചയുണ്ടായാൽ പ്രസ്തുത ജീവനക്കാരന് പദ്ധതിയിൽ അംഗത്വം നൽകുന്നതിനു മുൻപ് ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഇൻഷ്വറൻസ് വകുപ്പിൽ നിന്നും പ്രത്യേക അനുമതി വാങ്ങേണ്ടതാണ്. സേവനത്തിൽ പ്രവേശിച്ച് ആറുമാസം വരെയുള്ള കാലതാമസത്തിന് ബന്ധപ്പെട്ട ജില്ലാ ഇൻഷ്വറൻസ് ഓഫീസറിൽ നിന്നും, അതിലധികമുള്ള കാലതാമസത്തിന് ഇൻഷ്വറൻസ് ഡയറക്ടറിൽ നിന്നുമാണ് പ്രത്യേക അനുമതി വാങ്ങേണ്ടത്. എന്നാൽ, ഒരു ജീവനക്കാരന് ആദ്യ മാസം മുതൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാതിരുന്നതു മൂലം ജീവനക്കാരനോ ടിയാന്റെ അവകാശികൾക്കോ ഉണ്ടാകാവുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണ്.

III. കേരള സംസ്ഥാന ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ചട്ടങ്ങൾ 2010 ന്, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.എം.എബ്രഹാം**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ മേധാവികൾക്കും ഓഫീസുകൾക്കും.
സെക്രട്ടറിയേറ്റിലെ എല്ലാ സെക്ഷനുകൾക്കും.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഇൻഷ്വറൻസ് ഓഫീസർമാർക്കും
രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
എല്ലാ ഗവൺമെന്റ് സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ
ഗവർണ്ണറുടെ സെക്രട്ടറിയ്ക്ക്
മുഖ്യ വിവരാവകാശ കമ്മീഷണർ (ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ (ഫിനാൻസ്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ